# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2497    09.03.2017-ന് മറുപടിയ്ക്ക്**

## വനഭൂമി വിട്ട് നല്കാത്തത് മൂലമുള്ള പ്രശ്നങ്ങൾ

**ചോദ്യം**

**ശ്രീ. പി.കെ.ബഷീർ**

**മറുപടി**

**ശ്രീ. കെ. രാജു**
**(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി)**

| | | | |
|---|---|---|---|
| (എ) | വനം വകുപ്പിന്റെ പ്രത്യേക അനുമതി ലഭിക്കാത്തത് മൂലം വനഭൂമിയിൽ നടത്തേണ്ട വിവിധ വകുപ്പുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) | ഉണ്ട്. വന (സംരക്ഷണ) നിയമം 1980, 2003 ലെ വന (സംരക്ഷണ) ചട്ടങ്ങൾ എന്നിവ പ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകൾ വിവിധ തലങ്ങളിൽ നടപടികൾ പൂർത്തീകരിക്കുന്നതിന് നിശ്ചിത സമയ ക്രമം ആവശ്യമാണ്. അപ്രകാരം ലഭിച്ച അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഏറനാട് മണ്ഡലത്തിൽ ഇത്തരം എത്ര പ്രവൃത്തികൾ വനഭൂമി വിട്ട് കിട്ടാത്തതിന്റെ/അനുമതി കിട്ടാത്തതിന്റെ പേരിൽ മുടങ്ങിക്കിടക്കുന്നുണ്ട് ; വിശദമാക്കുമോ; | (ബി) | ഏറനാട് നിയമസഭാ മണ്ഡലത്തിൽ നിന്ന് ലഭിച്ചിട്ടുള്ള ആറ് അപേക്ഷകളിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികൾക്ക് വനംവകുപ്പിന്റെ അനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | നിലവിലെ നിയമങ്ങൾക്ക് വിധേയമായി അനുമതി നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | വനഭൂമി പൊതു ആവശ്യങ്ങൾക്ക് വിട്ട് നല്കുന്നതിന്റെ മാനദണ്ഡം എന്തെല്ലാമാണ്; വിശദാംശം നൽകുമോ? | (ഡി) | വന (സംരക്ഷണ) നിയമം 1980, വന (സംരക്ഷണ) ചട്ടങ്ങൾ 2003, കാലാകാലങ്ങളിൽ കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥ വ്യതിയാന വകുപ്പ് നൽകുന്ന Guidelines, എന്നിവ പ്രകാരമാണ് വനഭൂമി വനേതര ആവശ്യങ്ങൾക്ക് വിട്ടുനൽകുന്നത്. |

**സെക്ഷൻ ഓഫീസർ**